## പതിനാലാം കേരള നിയമസഭ
## പത്തൊമ്പതാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.223 — 02.03.2020 ൽ മറുപടിക്ക്

### താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനപദ്ധതികൾ

| ചോദ്യം<br>ശ്രീ.എം. സ്വരാജ് | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം താലൂക്ക് ആശുപത്രികളുടെ അടിസ്ഥാന സൗകര്യ വികസനങ്ങൾക്കായി എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് വിശദാംശസഹിതം അറിയിക്കാമോ; | (എ) | ആരോഗ്യ വകുപ്പിന്റെ പ്ലാൻ ഫണ്ട്, ബഹു.എം.എൽ.എ/എം.പി.ഫണ്ടുകൾ, അസറ്റ് മെയിന്റനൻസ് ഫണ്ട്, നബാർഡ് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ തനത് ഫണ്ട് മുതലായവ ഉപയോഗിച്ച് ആശുപത്രികളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി തെരഞ്ഞെടുക്കപ്പെട്ട ആശുപത്രികളിൽ മാസ്റ്റർ പ്ലാനിന്റെ അടിസ്ഥാനത്തിൽ ബൃഹത്തായ നിർമ്മാണ പ്രവർത്തനങ്ങളും നടപ്പിലാക്കി വരുന്നു.<br><br>ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താലൂക്കുതല ആശുപത്രികളെ രോഗീസൗഹൃദമാക്കുന്നതിനായി 8 ആശുപത്രികൾക്ക് ഭരണാനുമതി നൽകുകയും ഇവയിൽ 5 എണ്ണത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കുകയും ചെയ്തു. മറ്റ് പതിനെട്ട് താലൂക്ക് ആശുപത്രികളെ രോഗീ സൗഹൃദമാക്കുന്നതിനുള്ള പ്രൊപ്പോസൽ പ്ലാൻ സ്കീമിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു. 2020-21 ബജറ്റിൽ 32 കോടി രൂപ ഇതിനായി വകയിരുത്തിയിട്ടുണ്ട്. |
| (ബി) | തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി, പള്ളുരുത്തി താലൂക്ക് ആശുപത്രി എന്നിവിടങ്ങളിൽ എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടെന്ന് അറിയിക്കാമോ? | (ബി) | **തൃപ്പൂണിത്തുറ താലൂക്ക് ആശുപത്രി**<br>1. മുനിസിപ്പാലിറ്റി ഫണ്ട് 18 ലക്ഷവും വേൾഡ് ബാങ്കിന്റെ 50 ലക്ഷവും ഉപയോഗിച്ച് പുരുഷൻമാരുടെയും സ്ത്രീകളുടെയും വാർഡിന്റെ രണ്ടാം നിലയുടെ നിർമ്മാണം പുരോഗമിക്കുന്നു.<br>2. മുനിസിപ്പാലിറ്റി ഫണ്ട് 5 ലക്ഷം ഉപയോഗിച്ച് |

| | | | |
|---|---|---|---|
| | | | ഓപ്പറേഷൻ തീയേറ്റർ നവീകരണവും, എച്ച്.എം.സി. പേവാർഡ് അറ്റകുറ്റപ്പണികളും പൂർത്തീകരിച്ചു.<br><br>3. ബഹു.എം.എൽ.എയുടെ ആസ്തി വികസന ഫണ്ടിൽ നിന്നും 50 ലക്ഷം രൂപ ഉപയോഗിച്ച് ഡയാലിസിസ് യൂണിറ്റിന്റെ നിർമ്മാണം പുരോഗമിക്കുന്നു.<br><br>4. ബഹു.എം.എൽ.എ. ഫണ്ടിൽ നിന്നും 18 ലക്ഷം രൂപ ഉപയോഗിച്ച് പുതിയ ആംബുലൻസ് വാങ്ങി.<br><br>**<u>പള്ളുരുത്തി താലൂക്ക് ആശുപത്രി</u>**<br><br>1. ബഹു.എം.എൽ.എ.ഫണ്ടിൽ നിന്നും 40 ലക്ഷം രൂപ ചെലവിൽ ഇമ്മ്യൂണൈസേഷൻ കോംപ്ലക്സ് നിർമ്മിച്ചു. |

Hari

സെക്ഷൻ ഓഫീസർ